പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് വി. ആർ. എസ്., ഇ. എസ്. എസ്. പദ്ധതികൾ അനുസരിച്ച് ജോലിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള തൊഴിലാളികൾ

24 [1163] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് വി. ആർ. എസ്., ഇ. എസ്. എസ്. തുടങ്ങിയ വിവിധ പദ്ധതികൾ അനുസരിച്ച് എത്ര തൊഴിലാളികളെ ജോലിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പൂർണ്ണമായും അടച്ചുപൂട്ടിയ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം പുതുതായി പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ സ്ഥാപനങ്ങളിൽ എല്ലാംകൂടി എത്ര തൊഴിലാളികൾക്ക് ജോലി ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) തൃശ്ശൂർ സീതാറാം ടെക്സ്റ്റൈൽ മിൽ, തൃശ്ശൂർ കെൽട്രോൺ യൂണിറ്റുകൾ എന്നിവയിൽനിന്ന് ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം എത്ര തൊഴിലാളികളെ ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വി. ആർ. എസിന്റെ ആനുകൂല്യം ലഭിച്ച തൊഴിലാളികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) (1) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്, തിരുവനന്തപുരം
(2) കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കോഴിക്കോട്
(3) കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ്, ആലപ്പുഴ
(4) മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
(5) കെൽട്രോൺ റെക്ടിഫയേഴ്സ്, തൃശ്ശൂർ
(6) സ്കൂട്ടേഴ്സ് കേരളാ ലിമിറ്റഡ്, ആലപ്പുഴ

എന്നീ സ്ഥാപനങ്ങൾക്ക് തുടർച്ചയായി സാമ്പത്തിക സഹായം നൽകിയിട്ടും, കൂടുതൽ നഷ്ടം ഉണ്ടാക്കി. ഇനിയും കൂടുതൽ നഷ്ടം ഉണ്ടാകാതിരിക്കാനായി ജീവനക്കാരെ സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൻകീഴിൽ (എസ്. എസ്. എൻ. പി.) കൊണ്ടുവന്നതിനുശേഷം പുനരുദ്ധരിക്കാൻ തീരുമാനിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് പൊതുമേഖലയിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(ഡി) തൃശ്ശൂർ സീതാറാം ടെക്സ്റ്റൈൽസിൽ 96-ഉം കെൽട്രോൺ റെക്ടിഫയേഴ്സിൽ 99-ഉം തൊഴിലാളികൾ വി. ആർ. എസ്.-ന്റെ ആനുകൂല്യം കരസ്ഥമാക്കിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly